പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4911 — 05.02.2014 - ൽ മറുപടി പറയേണ്ടിയിരുന്നത്

**സാമൂഹ്യക്ഷേമ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു കുരുവിള | ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്ത്രീസുരക്ഷയ്ക്കും കുട്ടികളുടെയും മുതിർന്നവരുടെയും സംരക്ഷണത്തിനും സാമൂഹ്യ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ; | (എ) യും (ബി) യും | സ്ത്രീകളുടെയും കുട്ടികളുടേയും മുതിർന്നവരുടെയും സംരക്ഷണത്തിനായി സാമൂഹ്യനീതി വകുപ്പിലൂടെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന സർക്കാരിന്റെ പദ്ധതികളും നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ പരിഷ്കരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. സംസ്ഥാന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്<br>നിലവിലുള്ള പദ്ധതികൾക്കു പുറമേ സ്ത്രീകൾക്കും പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരായ പീഡനങ്ങൾ തടയുവാനും പീഡനത്തിന് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി നിർഭയ, സ്ത്രീ ശാക്തീകരണത്തിനായി തന്റേടം, ജെൻഡർ പാർക്ക്, മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനുവേണ്ടി 2013 ലെ സംസ്ഥാന നയവും അതിന്റെ ഭാഗമായ പ്രവർത്തന രൂപരേഖയും കൗമാര പ്രായക്കാർക്കിടയിൽ കണ്ടു വരുന്ന സ്വഭാവവൈകല്യങ്ങൾ മാറ്റി എടുക്കുന്നതിനായിട്ടുള്ള അവർ റസ്പോൺസിബിലിറ്റി ഫോർ ചിൽഡ്രൻ തുടങ്ങിയവയും പുതിയതായി ആരംഭിച്ച സംസ്ഥാന പദ്ധതികളാണ്.<br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു. |
| (ബി) | ഇവരുടെ ക്ഷേമത്തിന് ആരംഭിച്ച പ്രസ്തുത പദ്ധതികളും പുതുതായി ആരംഭിക്കുവാൻ പോകുന്ന പദ്ധതികളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | <u>സ്ത്രീകളുടെ ക്ഷേമത്തിനായുള്ള പദ്ധതി</u><br><br>സ്നേഹ സ്പർശം പദ്ധതി<br><u>കുട്ടികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ</u><br><br>1. ക്യാൻസർ സുരക്ഷാ പദ്ധതി<br>2. താലോലം പദ്ധതി<br>3. ശ്രുതി തരംഗം പദ്ധതി<br>4. സ്നേഹപൂർവ്വം പദ്ധതി<br>5. ഒ.ആർ.സി. പദ്ധതി<br>6. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി<br><u>മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള പദ്ധതി.</u><br>വയോമിത്രം പദ്ധതി<br><br><u>വനിതാ വികസന കോർപ്പറേഷൻ മുഖേന നിലവിൽ നിടപ്പാക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ</u><br><br>1. പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ (REACH)<br>2. ഷീ ടോയ് ലെറ്റ്<br>3. വിമൻസ് കോളേജുകളിൽ വിമൻസ് സെൽ<br>4. സ്വയം പ്രതിരോധിക്കാൻ പെൺകുട്ടികൾക്ക് ആയോധന കലയിൽ പരിശീലനം<br>5. ദിശ 2013<br>6. വനിതാ വിവര കേന്ദ്രങ്ങൾ (Women Information Centre) (24 X 7)<br>മുകളിൽ സൂചിപ്പിച്ച പദ്ധതികൾക്കു പുറമേ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ഈ മേഖലയിൽ കൊണ്ടു വരാനായി ഗവണ്മെന്റ് എൻജിഒ ഫ്രെയിം വർക്ക്, വീ കെയർ, അഗതികൾക്കായി എന്റെ കൂട്, എല്ലാ ജില്ലകളിലും നിർഭയ ഷെൽട്ടർ ഹോം എന്നിവ പുതുതായി ആരംഭിക്കുവാൻ പോകുന്ന പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ